**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 473** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>മലപ്പുറം പാക്കേജിന്റെ ഭാഗമായി നിലമ്പൂർ സർക്കിളിന് അനുവദിച്ച പാക്കേജ്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ആര്യാടൻ ഷൗക്കത്ത്

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ
വകുപ്പ് മന്ത്രി)

**(എ)** മലപ്പുറം പാക്കേജിന്റെ ഭാഗമായി നിലമ്പൂർ സർക്കിളിന് അനുവദിച്ചിരിക്കുന്ന 45 കോടി രൂപയുടെ പാക്കേജ് ടേൺകീ (turnkey)വ്യവസ്ഥയിലായതു കാരണം കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലമ്പൂർ സർക്കിളിന് സ്പെഷ്യൽ പാക്കേജിൽ 40.18 കോടി രൂപയുടെ പദ്ധതികൾക്കാണ് 17.12.2024-ൽ കെ.എസ്.ഇ.ബി.എൽ. അംഗീകാരം നൽകിയിരുന്നത്. ഈ പദ്ധതികൾ ആകെ 13 പാക്കേജുകളായാണ് നിലമ്പൂർ സർക്കിൾ വിഭാവനം ചെയ്തിരിക്കുന്നത്. ഈ 13 പാക്കേജുകളിൽ 6 പാക്കേജ് പ്രവൃത്തികളാണ് ടേൺ കീയിലൂടെ ടെണ്ടർ ചെയ്തിട്ടുള്ളത്. ടേൺകീ വർക്കുകളിൽ സിംഗിൾ ടെൻഡർ മാത്രം ലഭിക്കുന്നത്, കരാറുകാരുടെ ലഭ്യതക്കുറവ്, അടങ്കൽ തുകയെക്കാളും വളരെ ഉയർന്ന തുക quote ചെയ്യുന്നത് തുടങ്ങി നിരവധിയായ തടസ്സങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ നിലവിൽ 18 കോടി 5 ലക്ഷം രൂപയുടെ വർക്കുകൾക്ക് കരാറുകാരെ കണ്ടെത്തി പ്രവൃത്തികൾ തുടങ്ങുവാൻ കഴിഞ്ഞിട്ടുണ്ട്.

**(ബി)** ഈ പ്രവൃത്തി കാലതാമസം കൂടാതെ പൂർത്തീകരിക്കുവാൻ വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുമോ?

**<u>മറുപടി:</u>** ടേൺകീ വർക്കുകളിൽ സിംഗിൾ ടെൻഡർ മാത്രം ലഭിക്കുന്നത്, കരാറുകാരുടെ ലഭ്യതക്കുറവ്, അടങ്കൽ തുകയെക്കാളും വളരെ ഉയർന്ന തുക quote ചെയ്യുന്നത് തുടങ്ങിയ നിരവധിയായ തടസങ്ങൾ ഉണ്ടായ സാഹചര്യത്തിൽ 2025-26, 2026-27 സാമ്പത്തിക വർഷത്തെ പ്രവൃത്തികൾക്കാവശ്യമായ സാധനങ്ങൾ വാങ്ങുവാൻ 20.12.2025-ൽ കെ.എസ്.ഇ.ബി.എൽ. തീരുമാനം എടുത്തിട്ടുണ്ട്. സാധനങ്ങൾ വാങ്ങുന്ന പ്രവൃത്തിയും വർക്കുകൾ ലേബർ കരാർ അടിസ്ഥാനത്തിൽ നൽകുന്ന പ്രവൃത്തിയും പുരോഗമിച്ചു വരികയാണ്.

**സെക്ഷൻ ഓഫീസർ**